"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മലപ്പുറം ഗവൺമെന്റ് കോളേജിൽ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. സുജ എം - ന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം.24/2021/ഉ.വി.വ. തീയതി, തിരുവനന്തപുരം,05.01.2021**

പരാമർശം: 1. 04.02.2020 ലെ സ.ഉ (സാധാ) നം.212/2020/ഉവിവ നമ്പർ ഉത്തരവ്.

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 09.12.2020 ലെ C4/26343/2019/DCE നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.

3. പ്രവേശന പരീക്ഷാ കമ്മീഷണറുടെ 14.12.2020 തീയതിയിലെ ബി2/3938/2019/പ്രപക നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം(1) ലെ ഉത്തരവ് പ്രകാരം, കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മലപ്പുറം ഗവൺമെന്റ് കോളേജിൽ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. സുജ. എം നെ അന്യത്രസേവന വ്യവസ്ഥയിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിരുന്നതും, ഇതനുസരിച്ച് ടിയാൻ 07.02.2020 മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചു വരുന്നതുമാണ്.

2. ശ്രീമതി. സുജ.എം ന്റെ നിലവിലെ അന്യത്ര സേവനകാലാവധി, 06.02.2021 ന് അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം (2) പ്രകാരം ടിയാൾക്ക് മാതൃ വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മലപ്പുറം ഗവൺമെന്റ് കോളേജിൽ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രമതി. സുജ. എം ന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് തസ്തികയിലുള്ള അന്യത്രസേവന കാലാവധി, നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി, 07.02.2021 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സി.അജയൻ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. സുജ. എം, സീനിയർ സൂപ്രണ്ട് (പ്രവേശന പരീക്ഷാ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, (വെബ് & ന്യൂ മീഡിയ) വിവര - പൊതുജനസമ്പർക്ക വകുപ്പ്.
www.highereducation.kerala.gov.in.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ